ആർ.ബി.ഐ/2005-06/107

ഡി.സി.എം. (പി.എൽ.ജി.) നമ്പർ ജി.7/10-01-00/2005-06 ആഗസ്റ്റ് 10, 2005

ദി ചെയർമാൻ/എം.ഡി./സി.എം.ഡി./സി.ഇ.ഒ.

പൊതുമേഖലാ ബാങ്കുകൾ, സ്വകാര്യമേഖലാ ബാങ്കുകൾ/വിദേശബാങ്കുകൾ

മാഡം/ സർ,

**ഇന്ത്യൻ ബാങ്ക് നോട്ടുകളും, കൂടുതൽ/പുതിയ സുരക്ഷാസംവിധാനങ്ങളും**

2005 മേയ് ഏഴാം തീയതിയിലെ ഞങ്ങളുടെ കത്ത് ആർ.ബി.ഐ/2004-05/458 ഡി.സി.എം. (പി.എൽ.ജി) നമ്പർ ജി.40/10-01/2004-05 നോക്കുക. അതിലുൾപ്പെടുത്തിയിട്ടുള്ള ഇന്ത്യൻ ബാങ്കുനോട്ടുകളിലെ കൂടുതലായ പുതിയ സുരക്ഷാ കാര്യങ്ങളും 2005 മെയ് 25 ന് ബോംബെയിൽ നടന്ന ബാങ്ക് ചെയർമാന്റെയും, മാനേജിംഗ് ഡയറക്ടരുടെയും, ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടേയും മീറ്റിംഗിലെ ചർച്ചകളും കാണുക.

2. അധിക/പുതിയ സുരക്ഷാസംവിധാനങ്ങളുള്ള 50 രൂപാ, 100 രൂപാ ബാങ്ക് നോട്ടുകൾ, 2005 ആഗസ്റ്റിൽ പുറത്തിറക്കും. തുടർന്ന് ഇതുപോലെ 500 രൂപാ, 1000 രൂപാ നോട്ടുകളും 2005 സെപ്തംബറിൽ പുറത്തിറക്കും. അധിക/പുതിയ സുരക്ഷാസംവിധാനങ്ങളോടു കൂടിയ 10 രൂപാ, 20 രൂപാ നോട്ടുകൾ 2006 ൽ പുറത്തിറക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

3. നിങ്ങളുടെ അറിവിലേക്കും, അനുയോജ്യമായ പ്രവർത്തനങ്ങൾക്കും വേണ്ടി 50, 100 രൂപ നോട്ടുകളിലെ കൂടുതലായ/പുതിയ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ചുള്ള പത്രക്കുറിപ്പിന്റെ കോപ്പി ഇതോടൊപ്പം അയയ്ക്കുന്നു. ഇത് ഞങ്ങളുടെ വെബ്സൈറ്റിലും (www.rbi.org.in) ലഭ്യമാണ്. നിങ്ങളുടെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമാക്കുന്ന ഈ അധിക/പുതിയ സുരക്ഷാകാര്യങ്ങൾക്ക് മതിയായ പ്രചാരണം നൽകുമല്ലോ. ഈ വിവരങ്ങൾ ബ്രാഞ്ചുകളിൽ പ്രദർശിപ്പിക്കുന്നതിനും ഏർപ്പാട് ചെയ്യുക.

4. കത്ത് കൈപ്പറ്റിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

**(യു.എസ്. പാലിവാൾ)**

ചീഫ് ജനറൽ മാനേജർ